**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ കീഴിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ ആദ്യ ഘട്ടത്തിൽ 11 ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ ആദ്യ ഡ്രൈവിംഗ് സ്കൂൾ തിരുവനന്തപുരത്തും, തുടർന്ന് 8 ഡ്രൈവിംഗ് സ്കൂളുകൾ ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, വിതുര, ചാലക്കുടി, ചിറ്റൂർ (പാലക്കാട്), എടപ്പാൾ, മാനന്തവാടി എന്നീ സ്ഥലങ്ങളിലും ആരംഭിച്ചു. പാറശ്ശാല, മാവേലിക്കര എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>രണ്ടാം ഘട്ടമായി പാപ്പനംകോട്, പൂവ്വാർ, കാട്ടാക്കട, നിലമ്പൂർ, പൊന്നാനി, പയ്യന്നൂർ എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.<br><br>സംസ്ഥാനത്ത് Accredited Driving Training Centre ആരംഭിക്കുന്നത് സംബന്ധിച്ച് 2024 ഫെബ്രുവരി മാസത്തിൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി ഡ്രൈവിംഗ് സ്കൂൾ അസോസിയേഷൻ പ്രതിനിധികളുമായും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയിരുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനു വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങൾ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ട്രെയിനിങ് സെന്റർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് കേരളത്തിലും ഇവ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. |
| (ബി) | പാലക്കാട് ജില്ലയിൽ പ്രസ്തുത സെന്ററുകൾ തുടങ്ങാൻ തെരഞ്ഞെടുക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് | (ബി) | കെ.എസ്.ആർ.ടി.സി. യുടെ കീഴിൽ ആദ്യ ഘട്ടത്തിൽ 11 ഡ്രൈവിംഗ് സ്കൂളുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ ആദ്യ ഡ്രൈവിംഗ് സ്കൂൾ |

| | | | |
|---|---|---|---|
| | അറിയിക്കാമോ; അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ? | | തിരുവനന്തപുരത്തും, തുടർന്ന് 8 ഡ്രൈവിംഗ് സ്കൂളുകൾ ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, വിതുര, ചാലക്കുടി, ചിറ്റൂർ (പാലക്കാട്), എടപ്പാൾ, മാനന്തവാടി എന്നീ സ്ഥാലങ്ങളിലും ആരംഭിച്ചു. പാറശ്ശാല, മാവേലിക്കര എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>രണ്ടാം ഘട്ടമായി പാപ്പനംകോട്, പൂവ്വാർ, കാട്ടക്കട, നിലമ്പൂർ, പൊന്നാനി, പയ്യന്നൂർ എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.<br><br>സംസ്ഥാനത്ത് Accredited Driving Training Centre ആരംഭിക്കുന്നത് സംബന്ധിച്ച് 2024 ഫെബ്രുവരി മാസത്തിൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി ഡ്രൈവിംഗ് സ്കൂൾ അസോസിയേഷൻ പ്രതിനിധികളുമായും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയിരുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ തുടങ്ങുന്നതിനു വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങൾ ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ട്രെയിനിങ് സെന്റർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് കേരളത്തിലും ഇവ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ